*'CORRUPTION, A CRIME AGAINST NATION'*

**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,**
**തിരുവനന്തപുരം-695 033,**
**ഇ-മെയിൽ: vig.vacb@kerala.gov.in**
**ഫോൺ: 0471- 2305393**
**തീയതി: 13.12..2022**

# "കൈക്കൂലി വാങ്ങുന്നതിനിടെ ഓഫീസ് അറ്റൻഡന്റ് വിജിലൻസ് പിടിയിൽ"

തിരുവനന്തപുരം ജില്ലയിലെ, നേമം സബ് രജിസ്ട്രാർ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീജ സബ് രജിസ്ട്രാർക്ക് വേണ്ടി 3000/- രൂപ കൈക്കൂലി വാങ്ങവേ ഇന്ന് (13.12.2022) വിജിലൻസ് പിടിയിലായി.

.

തിരുവനന്തപുരം ജില്ലയിലെ, കല്ലിയൂർ സ്വദേശിയായ പരാതിക്കാരൻറെ അച്ഛൻറെ പേരിലുള്ള വസ്തു പരാതിക്കാരന്റെ പേരിൽ പ്രമാണം ചെയ്യുന്നതിനായി ഇക്കഴിഞ്ഞ വെള്ളിയാഴ്ച നേമം സബ് രജിസ്ട്രാർ ഓഫീസിൽ അപേക്ഷ നൽകിയിരുന്നു. ഓഫീസ് അറ്റൻഡന്റ് ആയ ശ്രീജ പരാതിക്കാരനെ സമീപിച്ച് സബ് രജിസ്ട്രാറെ കണ്ടാൽ എത്രയും വേഗം പ്രമാണം രജിസ്റ്റർ ചെയ്തു തരുമെന്നു പറഞ്ഞ് പരാതിക്കാരനെയും കൂട്ടി സബ് രജിസ്റ്ററുടെ മുന്നിലെത്തിക്കുകയും, കാര്യങ്ങൾ വിവരിക്കുകയും ചെയ്തതിനെത്തുടർന്ന് സബ് രജിസ്ട്രാർ കൈക്കൂലിയായി 3000/- രൂപ ശ്രീജയെ ഏൽപ്പിക്കണമെന്ന് പരാതിക്കാരനോട് ആവശ്യപ്പെടുകയും ചെയ്തു. പരാതിക്കാരൻ ഈ വിവരം വിജിലൻസ് ദക്ഷിണമേഖല യൂണിറ്റ് പോലീസ് സൂപ്രണ്ട് ശ്രീ. ജയശങ്കർ ഐപിഎസിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. സി.എസ്. വിനോദ് ഒരുക്കിയ കെണിയിൽ ഇന്ന് (13.12.2022) 11.45 മണിയോടെ സബ് രജിസ്ട്രാർ ഓഫീസിൽവച്ച് ഓഫീസ് അറ്റൻഡന്റ് ആയ, ശ്രീജ 3000/-രൂപ കൈക്കൂലി വാങ്ങി

ഫയലുകൾക്കിടയിൽ ഒളിപ്പിക്കവെ വിജിലൻസ് സംഘം കയ്യോടെ പിടികൂടുകയാണുണ്ടായത്.

വിജിലൻസ് സംഘത്തിൽ ദക്ഷിണ ദക്ഷിണ മേഖല യൂണിറ്റ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ സി. എസ് വിനോദ്, ജയകുമാർ ടി, ഇൻസ്പെക്ടർമാരായ അശ്വിനി, നിസാം, ദിനേഷ കുമാർ, സബ് ഇൻസ്പെക്ടർമാരായ സുനിൽ, ഖാദർ വിജയകുമാർ, ശശികുമാർ, സജികുമാർ അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർമാരായ രാജേഷ്, ഉണ്ണി, എസ്.സി.പി.ഒ മാരായ കണ്ണൻ എന്നിവർ ഉൾപ്പെട്ട സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. അറസ്റ്റ് ചെയ്ത പ്രതിയെ തിരുവനന്തപുരം വിജിലൻസ് കോടതി മുമ്പാകെ ഹാജരാക്കും.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം, ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.